കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# ആലങ്ങാട് ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി13)1579/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 15/11/2019

ഡെപ്യൂട്ടി ഡയറക്ടർ

ആലങ്ങാട് ഗ്രാമപഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സർ,

വിഷയം:- ആലങ്ങാട് ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി13)1579/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 11/03/2019

## എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ

## 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**എറണാകുളം** ജില്ലയിലെ **ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. **ഗ്രാമപഞ്ചായത്ത്** 01.04.2018 മുതൽ 15.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ്.കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.2019 മുതൽ 29.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷേർലി പീറ്റർ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.സന്തോഷ് കുമാർ കെ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ് എൻ.എം<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ടിനു കെ.ജെ.<br>ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രാധാമണി ജയ്സിംഗ് | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി.സിന്ധുമോൾ.വി.എസ്. | സെക്രട്ടറി | 01.04.2018മുതൽ<br>27.05.2018 വരെ |
| ശ്രീ ഷിബു പി. | സെക്രട്ടറി | 28.05.2018 മുതൽ<br>08.06.2018 വരെ |
| ശ്രീമതി.സിന്ധുമോൾ.വി.എസ് | സെക്രട്ടറി | 09.06.2018 മുതൽ<br>18.11.2018 വരെ<br>29.11.2018 മുതൽ<br>08.03.2019 വരെ<br>24.03.2019 മുതൽ<br>28.03.2019 വരെ |
| ശ്രീമതി പ്രീത വി. പ്രഭു | സെക്രട്ടറി(അധിക ചുമതല) | 19.11.2018 മുതൽ<br>28.11.2018 വരെ<br><br>09.03.2019 മുതൽ<br>23.03.2019 വരെ<br><br>29.03.2019 മുതൽ<br>31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ ഷിബു പി. | 01.04.2018 മുതൽ<br>09.10.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി പ്രീത വി. പ്രഭു | 10.10.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. പാനായിക്കുളം സർക്കിൾ | ശ്രീ.ജയൻ കെ.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. കോട്ടപ്പുറം സർക്കിൾ | ശ്രീ. രാജേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീല ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റസിയ കെ.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗമ്യ ജി. | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി.റീന ഒ.ടി. | 20.06.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സി.എം. രജന | 01.04.2018 മുതൽ 11.09.2018 വരെ |
| | ഡോ.രജനി രാമൻ | 12.09.2018 മുതൽ 31.03.2019 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.നൈസി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.രേണുക പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഞ്ജിത ബോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രശ്മി രാമചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ് | ശ്രീമതി.വിജയലക്ഷ്മി | 01.04.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി.വാഹിദബീവി.എൻ.എ | 09.10.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം – 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 | |
| 13 | ഡേറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി- അപാകത | 1-13 | |
| 14 | വാടക ഈടാക്കിയില്ല. | 1-14 | |
| 15 | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 | |
| 16 | ശ്മശാനം വാർഷിക പരിപാലന കരാർ -അപാകതകൾ | 1-16 | |

| | | | |
|---|---|---|---|
| 17 | കിടാരി വളർത്തൽ-അപാകത | 1-17 | |
| 18 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തിയില്ല. | 1-18 | |
| 19 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹിച്ച പ്രൊജക്ടുകളിലെ അപാകതകൾ | 1-19 | |
| 20 | പ്രളയശേഷം അങ്കണവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. | 1-20 | |
| 21 | വിവിധ പദ്ധതികൾക്ക് തുക നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.. | 1-21 | |
| | **ഭാഗം – 2** | | |
| 22 | തൊഴിൽ നികുതി അപാകത | 2-1 | |
| 23 | വസ്തു നികുതി അപാകതകൾ | 2-2 | |
| | **ഭാഗം – 3** | | |
| 24 | പാഴ്കുളം നവീകരണം (വാർഡ് 10)- എക്സ്ട്രാ ഐറ്റത്തിന് അധിക തുക നല്കിയത് - 7005/- രൂപ നിരാകരിക്കുന്നു. | 3-1 | |
| | **ഭാഗം – 4** | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 32 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2018-19) | അനുബന്ധം-1 | |
| 36 | ബാലൻസ് ഷീറ്റ് (2018-19) | അനുബന്ധം – 2 | |
| 37 | റസീപ്റ്റ് & പേയ്മെന്റ് (2018-19) | | |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ (2018-19) | | |



# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.03.2018-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 05.02.2019-ാം തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 11.06.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019 മുതൽ 11.06.2019 വരെ | കെ.എസ്.എ- ഇ.കെ.എം (പിജി) 1227(46)/2019 തീയതി. 03.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,27,75,674 |
| വരവ് | 11,23,77,867 |
| ആകെ | 13,51,53,541 |
| | |

| | |
|---|---|
| ചെലവ് | 9,49,84,767 |
| നീക്കിയിരിപ്പ് | 4,01,68,774 |

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21815000 | 21815000 | 21786845 | | 28155 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11493000 | 11493000 | 6674703 | | 4818297 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 253000 | 253000 | 124800 | | 128200 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 34357000 | 34357000 | 16044209 | | 18312791 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4521000 | 4521000 | 3248303 | | 1272697 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10126000 | 10126000 | 4042075 | | 6083925 |
| സാക്ഷരത | 397780 | 14104 | 411884 | 66678 | 345206 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ് ഭരണച്ചെലവുകൾ | 565191 | 411129 | 976320 | 966784 | 9536 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ് (ഇ.എഫ്.എം.എസ്) | | 32525000 | 32525000 | 32525000 | | |
| ദുരിതാശ്വാസം | 48547 | 58465 | 107012 | - | 107012 | |
| ബി. ഫണ്ട് | 0 | 63123360 | 63123360 | 63123360 | 0 | |
| നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് സാനിറ്റേഷൻ | 25676 | - | 25676 | - | 25676 | |
| ജോയിന്റ് വെഞ്ച്വർ ട്രഷറി ടി.എസ്.ബി | 2836098 | 3316856 | 6152954 | 4029810 | 2123144 | |
| ട്രഷറി ടി.എസ്.ബി. ജനറൽ പർപ്പസ് ഗ്രാന്റ് | 1904041 | 28596441 | 30500482 | 12007489 | 18492993 | |
| തനത് ഫണ്ട് | 16368464 | 29409120 | 45777584 | 27300561 | 18477023 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 164467790 | 154 | 67870066 | 38 | 95 | 53.66 |

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 565191 | 411129 | 976320 | 966784 | 9536 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 32525000 | 32525000 | 32525000 | 0 |
| **ആകെ** | **565191** | 32936129 | 33501320 | 33491784 | **9536** |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 684 | **8910800** |

| | | |
|---|---|---|
| വിധവാപെൻഷൻ | 2534 | **19937800** |
| വാർദ്ധക്യകാലപെൻഷൻ | 498 | **26802600** |
| വികലാംഗപെൻഷൻ | 67 | **6350900** |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1678 | **762900** |
| തൊഴിൽ രഹിത വേതനം | 23 | **43680** |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 9 | **270000** |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2019 തീയതി 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ14582 /-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം - ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ആസൂത്രണ പ്രക്രിയയിൽ വഹിച്ച പങ്ക് വിലയിരുത്തൽ

2017-2022 കാലയളവിലെ 13 -ാം പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ / 09.01.2017 ഉത്തരവിലാണ് രേഖപ്പെടുത്തിയിരുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം പ്രവർത്തനം എന്നിവ മേൽ ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തിൽ പദ്ധതി രൂപീകരണത്തിൽ മേൽ ഘടകങ്ങൾ വഹിച്ച പങ്ക് വിലയിരുത്തിയത് പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി 12-2-18ലും, 08-10-18 ലും രണ്ട് യോഗങ്ങൾ ചേർന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തരിശു പാടങ്ങൾ കൃഷി ചെയ്യുക എന്ന പ്രധാന നിർദ്ദേശം പ്രോജക്ടായി നടപ്പിലാക്കാൻ കഴിഞ്ഞില്ല.പ്രദേശത്തിന്റെ സാമ്പത്തിക, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വിലയിരുത്തി പ്രോജക്ട് നിർദ്ദേശങ്ങൾ വയ്ക്കാൻആസൂത്രണ സമിതിയ്ക്ക് കഴിഞ്ഞില്ല. തൻവർഷ പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ, ഏകോപനത്തിലോ ആസൂത്രണസമിതിയുടെ പങ്കാളിത്തം തീരെ കുറവായിരുന്നു. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല..പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റോക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങൾ ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് നാമമാത്രമായാണ് ഉണ്ടായിട്ടുള്ളത്.

സാമ്പത്തിക സാമൂഹിക ഉന്നമനം കൈവരിക്കാനുതകുന്ന പ്രോജക്ടുകളും ഉണ്ടാവുന്നില്ല. അങ്കണവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ ലക്ഷ്യമിട്ടുള്ള 168/18, 205/18, 292/18 എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ശരാശരിയായിരുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 11-10-18, 29-11-18 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്.പ്രാദേശിക സാമ്പത്തികവികസനവും, സാമൂഹ്യസുരക്ഷയും അടിസ്ഥാന സൗകര്യവികസനവും മുൻനിർത്തി നൂതനങ്ങളായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ നിർദ്ദേശങ്ങളിൽ ചെറിയൊരു ശതമാനം മാത്രമാണ് പ്രോജക്ട് ആയത്.17.85 ച.കി.മീറ്റർ വിസ്തൃതിയും, 21 വാർഡുകളുമുള്ള ഗ്രാമപഞ്ചായത്തിൽ 14-11-18ൽ നടത്തിയ വികസനസെമിനാറിൽ 86 പേർ മാത്രമാണ് പങ്കെടുത്തത്.പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ ജനങ്ങൾ അധികവും നാമമാത്ര കർഷകരും,ക്ഷീരകർഷകരും ആണ്. 21 വാർഡുകളിലെയും ജനങ്ങളുടെ വീടുകൾക്കും വസ്തുവകകൾക്കും നാശനഷ്ടമുണ്ടാക്കുകയും, കാർഷികമേഖലയെ തകർക്കുകയും, കന്നുകാലികളെ കൂട്ടത്തോടെ ഇല്ലാതാക്കുകയും ചെയ്ത പ്രളയം പ്രോജക്ട് നിർവ്വഹണത്തിലും കാലതാമസമുണ്ടാക്കി. എങ്കിലും ഈ മേഖലയിലെ പുതിയ പദ്ധതികൾ കാർഷിക മേഖലയെയും, ക്ഷീരമേഖലയെയും പുനരുജ്ജീവിപ്പിക്കാൻ ഒരുപരിധി വരെ സഹായിച്ചിട്ടുണ്ട്.

പഞ്ചായത്തിലൂടെ ഒഴുകുന്ന പെരിയാറിന്റെ പോഷകതോടുകൾ ചെളിയും, പായലും നിറഞ്ഞ് നീരൊഴുക്കില്ലാതായത് പ്രളയത്തിന്റെ തീവ്രത വർദ്ധിക്കാൻ കാരണമായി. തോടുകളുടെ നീരൊഴുക്ക് വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ വേണമെന്ന വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം ബ്ളോക്ക്/ജില്ലാപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. തോടുകൾ സ്വകാര്യവ്യക്തികൾ കൈയ്യേറിയതായും.കെട്ടിയടച്ചതായും വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അങ്കണവാടികളിൽ നിന്ന് നഷ്ടമായ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനും, കിണർ, കക്കൂസ് എന്നിവ നഷ്ടമായ നിർദ്ധനരായ വ്യക്തികൾക്ക് അവ പുനർനിർമ്മിച്ച് നല്കണമെന്നുള്ള വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും വരും വർഷങ്ങളിൽ പ്രോജക്ട് ആക്കാൻ ശ്രമിക്കേണ്ടതാണ്. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം എന്നിവ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.08.2019 | 01.06.2019-31.07.2019 | 28.06.2019 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 23.09.2014 | 2009-10 മുതൽ 2013-14 വരെ | 10.11.2014 |

## 1-12 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അനുബന്ധം 1ൽ ചേർത്തിട്ടുണ്ട്

## 1-13 ഡേറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി- അപാകത

| | |
|---|---|
| അപേക്ഷകന്റെ പേര് | മാനേജിംഗ് ഡയറക്ടർ,<br>കോൺഫിഡന്റ് ഹൗസ്<br>കോൺഫിഡന്റ് ഗ്രൂപ്പ് |
| പെർമിറ്റ് നമ്പർ | എ 4-6186/14-ബിപി-153/14-15തീയതി.28-1-15 -8456.78ച.മീ. |
| റിവൈസ്ഡ് പെർമിറ്റ് | എ 4-1823/15-ബിപി-106/17-18തീയതി.17-8-17 -17484.40.ച.മീ.(2 ബ്ളോക്കുകൾ) |
| സർവേ നമ്പർ | 447/4 |
| ആകെ വിസ്തീർണം | 60.60 ആർ |

ആലങ്ങാട് വില്ലേജിൽ 447/4 സർവേ നമ്പറിൽ ഉൾപ്പെടുന്ന 60.60 ആർ വിസ്തീർണ്ണം സ്ഥലത്തിൽ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് 2015-16 വർഷം പെർമിറ്റിന് അപേക്ഷിച്ചിരുന്നു. മേൽ അപേക്ഷ പ്രകാരം 8456.78 ച.മീറ്ററിന് 2015-16ലും പിന്നീട് റിവൈസ്ഡ് പെർമിറ്റ് പ്രകാരം 17484.40 ച.മീറ്ററിന് 17-18ലും പെർമിറ്റ് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പെർമിറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ ആധാരങ്ങൾ, മുൻ ആധാരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.പകരം വില്പന കരാർ മാത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചത്. ലഭ്യമാക്കിയ വില്പന കരാർ പ്രകാരം കോൺഫിഡന്റ് ഗ്രൂപ്പ് 74.26 ആർ സ്ഥലം വാങ്ങിയത് ശ്രീ. മുഹമ്മദ് അൻവർ, മുഹമ്മദ് അൻവറിന്റെ ഭാര്യയായ ശ്രീമതി ഷാനിഫ എന്നിവരിൽ നിന്നുമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| സർവ്വേ നമ്പർ | സ്ഥല വിവരം (ആറിൽ) |
|---|---|
| 459/4ബി | 2.83(നിലം) |
| 448/1 | 10.83(നിലം) |
| 447/4 | 16.96 |
| 447/3 | 29.20 |
| 447/4 | 14.71 |
| ആകെ | 74.26 |

ഇപ്രകാരം വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന 74.26 ആർ സ്ഥലത്തിന്റെ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കുന്നതിന് പകരം, 447/4 എന്ന സർവ്വേ നമ്പറിൽ 60.6ആർ സ്ഥലത്തിന് കരമടച്ച രസീതാണ് അപേക്ഷയോടൊപ്പം നൽകിയിരിക്കുന്നത്. (രസീത് നം.5331048/25-11-14) . എന്നാൽ 447/4 സർവ്വേ നമ്പറിൽ കോൺഫിഡന്റ് ഗ്രൂപ്പ് വാങ്ങിയത് 31.67 ആർ സ്ഥലം മാത്രമാണ് എന്നിരിക്കെ, 60.60 ആർ സ്ഥലത്തിന് മേൽ സർവ്വെ നമ്പറിൽ കരം അടവാക്കിയത് എങ്ങനെ എന്ന് വ്യക്തമല്ല. കരമടച്ച രസീതിന്റെ സാധുത പരിശോധിക്കേണ്ടതാണ്. പെർമിറ്റ് അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം ആധാരത്തിന്റെ

പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെടുകയോ, കരമടച്ച രസീത് പ്രകാരമുള്ള സ്ഥലത്തിന്റെ സ്കെച്ച് മേൽപ്പറഞ്ഞ 5 സർവ്വേനമ്പരുകളിൽ ഉൾപ്പെട്ട സ്ഥലത്തിന്റെ യഥാർത്ഥ സ്കെച്ചുകളുമായി ഒത്തുനോക്കി പരിശോധിച്ചിട്ടില്ല.

2)വില്പന കരാർ പ്രകാരം മുഹമ്മദ് അൻവർ എന്നയാളിൽ നിന്ന് വാങ്ങിയ 43.91 ആർ സ്ഥലത്തിൽ 29.20 ആർ സർവ്വേ നമ്പർ 447/3 ലും, 14.71 ആർ 447/4 സർവ്വേ നമ്പറിൽ ഉൾപ്പെട്ടതുമാണ്. ടിയാന്റെ ഭാര്യയായ ഷാനിഫയുടെ കൈവശമുണ്ടായിരുന്ന 30.35 ആർ സ്ഥലത്തിൽ, 2.83 ആർ 459/4ബി സർവ്വേ നമ്പറിൽ ഉൾപ്പെടുന്നതും, 10.83 ആർ 448/1 സർവ്വേ നമ്പറിൽ ഉൾപ്പെടുന്നതും, 16.69 ആർ 447/4 സർവ്വേ നമ്പറിൽ ഉൾപ്പെടുന്നതുമാണ്. ഇതിൽ 31.67 ആർ സ്ഥലം (16.96+14.71) മാത്രമാണ് 447/4 സർവ്വേ നമ്പറിൽ ആകെ ഉള്ളത്. സർവ്വേ നമ്പർ 448/1 ൽ ഉൾപ്പെടുന്ന 10.83 ആർ കരുമാല്ലൂർകര മഠത്തിൽ താമസിക്കും വടക്കേവീട്ടിൽ ലക്ഷ്മിമാധവിയമ്മ കൈവശമുണ്ടായിരുന്ന 88.26 ആർ Paddy Land ൽ ഉൾപ്പെടുന്നതാണ്. സർവ്വേ നമ്പർ 447 1 C യിലൂടെ തോട് പോകുന്നതായിട്ടാണ് ഡേറ്റാ ബാങ്ക് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വില്പന കരാറിൽ സ്ഥലത്തിന്റെ അതിരുകളിൽ തോട് കാണിച്ചിട്ടില്ല. ഇത്തരത്തിൽ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുവിന്റെ കരം ഒന്നാകെ 447/4 എന്ന ഒറ്റ സർവ്വേനമ്പരിൽ അടവാക്കിയതാണ് കെട്ടിട പെർമിറ്റിനായി പരിഗണിച്ചിരിക്കുന്നത്.

3)ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ4-1823/15തീ.23-3-16, 13-5-16കത്തുകളെ തുടർന്ന് ചീഫ് ടൗൺ പ്ളാനർ 9-3-17 ലെ സി1-4894/2016/ഡി ഡിസ് ലേ ഔട്ട് അനുമതിയിലും സർവ്വെ 447/4 ൽ, 60.60 ച.മീറ്റർ സ്ഥലം എന്നാണ് കാണിച്ചിരിക്കുന്നത്. ചീഫ് ടൗൺ പ്ലാനർക്ക് മറ്റ് സ്ഥലങ്ങളുടെ വിവരം ചേർക്കാതെയാണ് ലേ ഔട്ട് അനുമതിക്കായി ഫയൽ നൽകിയതെന്നും കാണുന്നു.

4)ചീഫ് ടൗൺ പ്ളാനറുടെ മേൽ പറഞ്ഞ അനുമതിയിൽ കെട്ടിടനിർമ്മാണാനുമതി, ഒക്യുപൻസി നൽകുന്നതിനു മുൻപായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട രേഖകളിൽ, സ്ഥലത്തെക്കുറിച്ചുള്ള രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്ന നിഷ്കർഷ പാലിച്ചിട്ടില്ല.

5)കെ.പി.ബി.ആർ 2011ലെ ചട്ടം 11ലും കെട്ടിടനിർമ്മാണ അപേക്ഷകളിൽ തീരുമാനമെടുക്കിന്നതിനായി സ്ഥലത്തിന്റെ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും, ആധാരത്തിന്റെ പകർപ്പ് നിർബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട് എങ്കിലും ആധാരത്തിന്റെ പകർപ്പിനായി ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല.

6)പെർമിറ്റിന് അപേക്ഷിച്ച രേഖകൾ പ്രകാരം 447/4 സർവെ നമ്പറിൽ 60.60ആർ ഭൂമിയുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും, യഥാർത്ഥത്തിൽ 31.4 ആർ മാത്രമാണ് ഉള്ളത്. ആയതിനാൽ 17484.4 സ്ക്വ.മീറ്റർ കെട്ടിടം പണിയാൻ പ്രസ്തുത സ്ഥലം അപര്യാപ്തമാണ്. ഈ അളവിൽ അനുവദനീയമായ ബിൽറ്റ് അപ് ഏരിയ 9420$m^2$ (31.4 x 100 x 3 ) ആണ്, എന്നാൽ പ്ളാൻ പ്രകാരം A, B ബ്ളോക്കുകളിലായി 17484.40 $m^2$ ആണ് ബിൽറ്റ് അപ് ഏരിയ. അതിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തി FAR കണക്കാക്കുന്നതിനുള്ള ഏരിയ 14838.61$m^2$ ആകുന്നു. ഇപ്രകാരം കണക്കാക്കുമ്പോൾ FAR 4.72 ആർ ആകുന്നു. പെർമിറ്റ് നൽകിയ നടപടി ക്രമവിരുദ്ധമാണ്.

7)തെറ്റായ രേഖകൾ സമർപ്പിച്ച അപേക്ഷകന് അനുകൂലമായും,കെ.പി.ബി.ആർ 2011ലെ ചട്ടങ്ങൾക്കനുസരിച്ച് അപേക്ഷ പരിശോധിക്കാതെയും, ചീഫ് ടൗൺ പ്ളാനറെ തെറ്റിദ്ധരിപ്പിക്കുന്ന പരിശോധനാ റിപ്പോർട്ട് നൽകിയ അസി.എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ നടപടികളും അംഗീകരിക്കാവുന്നതല്ല.

8)കെട്ടിടത്തിന് ഒക്യുപൻസി നൽകിയിട്ടുണ്ടെങ്കിൽ, മേൽ അപാകതകൾ നിലനിൽക്കെ വ്യക്തമായ പരിശോധന കൂടാതെ ഒക്യുപൻസി നൽകിയത് ശരിയായ നടപടിയല്ലായെന്ന് വിലയിരുത്തുന്നു.
9)17484.40 $m^2$ ബിൽറ്റ് അപ് ഏരിയയ്ക്ക് എത്ര രൂപ ഫീസ് ഈടാക്കിയെന്ന് ഫയലിൽ വ്യക്തമല്ല.
10)447 C സർവ്വെ നമ്പറിൽ മേൽ വസ്തുവിന്റെ അതിർത്തിയിലുള്ള തോട് കൈയ്യേറിയതായി നിരവധി പരാതികൾ കമ്മറ്റി മിനിറ്റ്സിൽ ഉണ്ട്. അപേക്ഷകൻ തോടിനോട് ചേർന്ന് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തികളിൽ കൈയ്യേറ്റമുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.
മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ കെട്ടിട നിർമ്മാണാനുമതി ക്രമപ്രകാരമല്ല എന്നും, കെട്ടിട നിർമ്മാണം അനധികൃതമാണോയെന്ന് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക ഈടാക്കിയിട്ടില്ല

ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം വാടക ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.
എ)പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് നൽകിയിരിക്കുന്ന മുറിയുടെ വാടക താഴെ പറയുന്ന മാസങ്ങളിൽ ഈടാക്കിയിട്ടില്ല.

| വാടകക്കാരന്റെ പേര് | മുറിയുടെ നമ്പർ | പ്രതി മാസ വാടക | കുടിശ്ശിക / മാസം | ആകെ കുടിശ്ശിക |
|---|---|---|---|---|
| ജോബിന w/o ജൂഡോ പീറ്റർ, ചീരങ്കൻ(H)ആലങ്ങാട് | 4 | 950 | 9/16 - 3/17 | 6650 |
| | 4 | 998 | 4/17 – 3/18 | 11976 |
| | 4 | 1098 | 4/18 – 3/19 | 13176 |
| **ആകെ** | | | | **31802** |

വാടക ഇനത്തിൽ കുറവ് വന്ന 31802/- രൂപ ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാടകക്ക് നൽകിയിരിക്കുന്ന മുറി നം. 4,6,7,8,9, സ്റ്റാൾ നം. 6 ഇവയുടെ 2018-19 കരാർ എഗ്രിമെന്റ് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. വാടക കുടിശ്ശികയുള്ളവരുടെ കരാർ പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ കുടിശ്ശികക്കാരെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകയിനത്തിലുള്ള നഷ്ടം ഉത്തിവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

മുൻ വർഷം ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപന വിവരം | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | VII/276-B | ടോട്ടൽ ഷിപ്പിംഗ് & ലോജിസ്റ്റിക്സ് മാളികം പീടിക | 4000/- |
| 2 | VIII/26B-A | വേസ്റ്റ് കാർട്ടൺ സ്റ്റോക്ക് & സെയിൽ | 4000/- |
| 3 | IX/41B | സെബാസ്റ്റിൻ മാത്തുംപടി എറണാകുളം ഇലക്ട്രിക്കൽ ഗുഡ്സ് | 4000/- |
| 4 | XII/134.C | മനേഷ് കുമാർ ലേക്ക് വ്യൂ, നെട്ടൂർ ഗിഫ്റ്റ് എെറ്റം സ്റ്റോക്ക് ചെയ്ത് വിതരണം | 4000/- |
| **ആകെ** | | | **16000/-** |

മേൽ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ലൈസൻസ് ഫീസ് ഈടാക്കിയിരുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2018-19 വർഷം ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (14 തീയതി 24.08.2019) മറുപടിയിൽ മേൽ സ്ഥാപനങ്ങൾ 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തെ തുടർന്ന് പ്രവർത്തനം നിർത്തിയെന്നു പറയുന്നു. സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയെന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ മറ്റു രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം പരിശോധിച്ച് പ്രവർത്തനം നിർത്തിയെന്ന് ഉറപ്പ് വരുത്തുകയോ അല്ലാത്ത പക്ഷം ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-16 ശ്മശാനം വാർഷിക പരിപാലന കരാർ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നംപർ | 133/19 |
| അടങ്കൽ | 175000(തനത് ഫണ്ട്) |
| ചെലവ് | 175000 |
| നിർവ്വഹണം | സെക്രട്ടറി |

2-7-2016 ലെ എ3-4600/16 പ്രകാരം 1-8-16 മുതൽ 31-7-19 വരെയുള്ള ത്രിവൽസര കരാറിലാണ് ശ്മശാന പരിപാലനത്തിലായി മെ.ഹൈടെക്ക് ക്രിമറ്റോറിയം, പാനായിക്കുളം എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിരിക്കുന്നത്. വർഷത്തിൽ 4 തവണകളായി 43750/-രൂപാ നിരക്കിൽ വർഷത്തിൽ 175000/- രൂപയാണ് സ്ഥപനത്തിന് നൽകേണ്ടത്. ഇതു പ്രകാരം 4 തവണകളായി 175000 കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് 2018-19 വർഷം നൽകിയിട്ടുണ്ട്. 4നിബന്ധനകൾ മാത്രമുള്ള കരാറിൽ, സ്ഥാപനം ശ്മശാനത്തിലെ ഏതെല്ലാം ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തുമെന്നോ, പരിപാലിക്കുമെന്നോ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ചിമ്മിനി അറ്റകുറ്റപ്പണി ചെയ്യില്ല എന്ന് നിബന്ധനകളിൽ ഉണ്ട്. സ്ഥാപനം ചെയ്യേണ്ട കാര്യങ്ങളേക്കാൾ പഞ്ചായത്ത് നല്കേണ്ട തുകയെക്കുറിച്ചാണ് കരാറിൽ ഊന്നൽ നല്കിയിരിക്കുന്നത്. സ്ഥാപനം കരാർ ലംഘിച്ചാലോ, കരാർ ഉപേക്ഷിച്ചാലോ പഞ്ചായത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചോ, സ്ഥാപനം നല്കേണ്ട നഷ്ടപരിഹാരത്തെക്കുറിച്ചോ, കരാറിൽ നിന്ന് സ്ഥാപനത്തെ ഒഴിവാക്കുന്നതിന് പഞ്ചായത്തിനുള്ള അധികാരത്തെക്കുറിച്ചോ വ്യവസ്ഥകൾ ചേർക്കാതെയാണ് 3 വർഷത്തെ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. തുക നല്കിയപ്പോഴും പരിപാലനത്തിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികൾ എന്തെല്ലാമെന്ന് പഞ്ചായത്തിന് റിപ്പോർട്ട് നല്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടിലും മെയിന്റനൻസ് നിർവ്വഹിച്ചു എന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത്. തുക നൽകുക മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥയും ചെയ്തിരിക്കുന്നത്. പ്രളയശേഷം മറ്റൊരു തനത് ഫണ്ട് പദ്ധതിയിലൂടെ ശ്മശാനം ജനറേറ്റർ അറ്റകുറ്റപ്പണിക്കായി 58835/-രൂപ നൽകിയിട്ടുണ്ട്. കൃത്യമായ കരാർ നിബന്ധനകൾ ഇല്ലാതെ, യാതൊരു മേൽ നോട്ടമോ, വിലയിരുത്തലോ ഇല്ലാതെ വൻ തുക ശ്മശാനം മെയിന്റനൻസിനായി നൽകിയെങ്കിലും, പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് വ്യക്തമല്ല. തുക ചെലവഴിക്കുക എന്നതിനേക്കാൾ പ്രോജക്ട് ഫലപ്രദമാവുക എന്നതിന് പ്രാധാന്യം നല്കേണ്ടതും, മോണിറ്ററിംഗ് സമിതി വിലയിരുത്തൽ വസ്തുനിഷ്ഠവും ക്രിയാത്മകവുമാക്കേണ്ടതുമാണ്.

## 1-17 കിടാരി വളർത്തൽ-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | എസ് 0036/19, |

| | |
|---|---|
| | കിടാരി വളർത്തൽ (ജനറൽ) |
| അടങ്കൽ | 132000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ്/ ബിൽ നമ്പർ/തീയതി | 12000 (ഗുണഭോക്തൃ വിഹിതം) |

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിടാരി വളർത്തൽ എന്ന പദ്ധതിയിൽ ഒരു കിടാരിക്ക് 6000/-രൂപ സബ്സിഡിയും 6000/- രൂപ ഗുണഭോക്തൃ വിഹിതം എന്ന നിലയിലാണ് പദ്ധതി ആവിഷ്കരിച്ചത്. ആകെ പദ്ധതി അടങ്കലായ 132000/- രൂപയിൽ 66000/-രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിരുന്നു. ഇതിൽ 24000/- രൂപയ്ക്ക് 2 കിടാരികളെ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. എന്നാൽ ചെലവ് പത്രിക പ്രകാരം 12000/- രൂപ ഗുണഭോക്തൃ വിഹിതം ലഭിച്ച തുക മാത്രമാണ് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12) കിടാരി വാങ്ങിയതിന് നൽകുവാൻ പ്ലാൻ ഫണ്ട് ഇല്ലാതിരുന്നതിനാലാണ് അപ്രകാരം തുക നൽകിയതെന്നും ബാക്കി തുകയായ 12000/- രൂപ കിടാരി നൽകിയ വ്യക്തിക്ക് നൽകുവാൻ ഉണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഗുണഭോക്തൃ വിഹിതം മാത്രം ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയത് ശരിയായ നടപടിയെല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ മേൽ തുകയായ ഗുണഭോക്തൃവിഹിതം ധനകാര്യപത്രികയിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്താതിരുന്നത് ക്രമപരമല്ല.

## 1-18 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നം | 46/18 |
| അടങ്കൽ | 1600000/- |
| ചെലവ് | 800000/-(ഗ്രാമപഞ്ചായത്ത് വിഹിതം) |
| | 217750/- (ബ്ളോക്ക് പഞ്ചായത്ത് വിഹിതം) |
| | 354438/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡിഎസ് സൂപ്പർ വൈസർ |

മേൽ പ്രോജക്ടിനായി 1600000 രൂപ വകയിരുത്തിയെങ്കിലും, ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ആവശ്യത്തിന് ലഭ്യമായിട്ടില്ല. 126 പേരിൽ 93 കുട്ടികൾ മാനസികവെല്ലുവിളി നേരിടുന്നവരാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുക 28500/- ആണെന്നിരിക്കെ 12235/ രൂപ വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സ.ഉ.കൈ.നം.11/2018/തസ്വഭവ. തിരുവനന്തപുരം തീയതി. 29-01-2018, 5.11, 6.4.8 എന്നിവയിലും വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 31-12-18 ലെ യോഗത്തിലെ 32-ാം തീരുമാനത്തെ തുടർന്ന് 25-1-19 ൽ പുറത്തിറക്കിയ (ഡി.എ.) 1/19/2019-ാം സർക്കുലറിലും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകുന്നതിനായി മതിയായ തുക വകയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇക്കാര്യം പരിഗണിച്ചിട്ടില്ല. സർക്കുലർ നിർദ്ദേശം പാലിക്കുന്നതിനും, പദ്ധതിക്ക് മതിയായ തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹിച്ച പ്രൊജക്ടുകളിലെ അപാകതകൾ

ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹിച്ച പ്രൊജക്ടുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

**എ)**

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്0091/19 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| വിഭാഗം | പൊതുവിഭാഗം |
| അടങ്കൽ | 200000 |
| ചെലവ് | 200000 |

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡിന് 5-2-2019ൽ ബിൽ നമ്പർ 9/18-19 പ്രകാരം 200000 രൂപ നൽകിയിരുന്നു.എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. 2019-20 പദ്ധതി പ്രവർത്തനങ്ങൾ ആദ്യഘട്ടം പിന്നിടുമ്പോഴും മുൻ വർഷത്തെ മരുന്നു ലഭിച്ചിട്ടില്ല. ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**ബി)**

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്0093/19 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്കായുള്ള പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതി |
| വിഭാഗം | പൊതുവിഭാഗം |
| അടങ്കൽ | 450000 |

| | |
|---|---|
| ചെലവ് | 450000 |

പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്ന് ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ഗ്ലൂക്കോമീറ്റർ ക്ലൂൾ, ലാൻസയ്റ്റ്, ബി.പി അപ്പാരറ്റസ് എന്നിവ വാങ്ങുന്നതിന് 8-2-2019 ന് ബിൽ നമ്പർ 7/18-19 പ്രകാരം 75849/- രൂപ നൽകിയിരുന്നു. എന്നാൽ 7348 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ബാക്കി ലഭിക്കുവാനുള്ള ഉപകരണങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 68501/-രൂപ തടസ്സപ്പെടുത്തുന്നു.

**സി)**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ്0096/19 |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി |
| വിഭാഗം | പൊതുവിഭാഗം |
| അടങ്കൽ | 1050000 |
| ചെലവ് | 946592 |

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡിന് 8-2-2019 ന് ചെക്ക് നമ്പർ 8491909 പ്രകാരം 150000രൂപയും 2/3/2019ന് ചെക്ക് നമ്പർ 8491912 പ്രകാരം 150000 രൂപയും നൽകിയിട്ടുണ്ട്. മരുന്ന് സമയബന്ധിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രളയശേഷം അങ്കണവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല.

പഞ്ചായത്തിലെ 38 അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത 19 അങ്കണവാടികൾ ഉണ്ട്. പ്രളയം ബാധിച്ച് അങ്കണവാടികളിലെ ഫർണ്ണിച്ചറുകൾ, പാചക ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ ഉപയോഗശൂന്യമാവുകയോ, നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇക്കാര്യം സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികൾ പെയിന്റ് ചെയ്ത് വൃത്തിയാക്കിയിട്ടുണ്ട് എങ്കിലും ഉപയോഗ ശൂന്യമായ ഉപകരണങ്ങൾക്കും, നഷ്ടപ്പെട്ട പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങുന്നതിനുമായി പ്രോജക്ട് ഉണ്ടാക്കുകയോ, നൽകുകയോ ചെയ്തിട്ടില്ല. ഇത്തരം ആവശ്യങ്ങൾക്ക് പ്രോജക്ട് ആവിഷ്കരിക്കാമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 11-10-18 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലോ, തുടർന്ന് 29-11-18 ൽ നടത്തിയ വികസന സെമിനാറിലോ ഇത്തരത്തിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. 168/18, 205/18 ആയി അങ്കണവാടിക്ക് സ്ഥലം വാങ്ങൽ, 297/18 -അങ്കണവാടികളിലും, എൽ.പി.സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാനും, നിലവാരം വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് സോഷ്യൽ ഓഡിറ്റ് നടപ്പാക്കാനും ശ്രമിക്കേണ്ടതാണ്.

## 1-21 വിവിധ പദ്ധതികൾക്ക് തുക നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല..

വിവിധ പദ്ധതികൾക്ക് വേണ്ടി 2018-19 വർഷം ചെലവഴിച്ച തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. താഴെ പറയുന്ന പ്രവൃത്തികൾക്ക് പ്രോജക്ട് മുഖേന പണം നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി/പ്രോജക്ട് നം. | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | 146/18-ഐ കെ എം പ്രവർത്തനഫണ്ട് | 109217 | 14/13-08-18 |
| 2 | 161/18-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 72850<br>445143<br>575221 | 8/26.06.18<br>26/31.12.18<br>39/28.02.19 |
| 3 | 213/18-കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 900000<br>100000<br>64000<br>93000 | 10/21.06.18<br>37/28.02.19<br>40/28.02.19<br>41/28.02.19 |
| | | 2359431 | |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 2359431/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി അപാകത

ആലങ്ങാട് ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷം തൊഴിൽ നികുതി അടവാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ)താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി ആലങ്ങാട് | I,II |
| 2 | ബി.എസ്.എൻ.എൽ ആലങ്ങാട് | I,II |
| 3 | മാവേലി സ്റ്റോർ കൊങ്ങോർപ്പിള്ളി | I,II |
| 4 | മാവേലി സ്റ്റോർ നീറിക്കോട് | I,II |
| 5 | എസ്.ബി.ഐ മാളികംപീടിക | I,II |
| 6 | എസ്.ബി.ഐ കൊങ്ങോർപ്പിള്ളി | I,II |
| 7 | ടി.വി.എസ് സൺസ്&Ltd | I,II |
| 8 | നൈസ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവാല്ലൂർ | I,II |
| 9 | ദിക്ഷ കോർപറേറ്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് കോട്ടപ്പുറം | I,II |
| 10 | പോപ്പുലർ മെഗാ മോട്ടോഴ്സ് Ltd മാളികംപീടിക | II |
| 11 | Finolex കേബിൾസ് Ltd പാനായിക്കുളം | I,II |
| 12 | ഗ്രേ മാറ്റർ പാനായിക്കുളം | I,II |
| 13 | അദാനി വിൽമർ Ltd പാനായിക്കുളം | I,II |
| 14 | ഗോപിക ഡയറി ഫാം കൊങ്ങോർപ്പിള്ളി | I,II |
| 15 | ഡ്യൂറോഫ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ് | I,II |
| 16 | തിരുവാല്ലൂർ ക്ഷീര സഹകരണ സംഘം | I,II |
| 17 | കൊടുവഴങ്ങ ക്ഷീര സഹകരണ സംഘം | I,II |
| 18 | കൊങ്ങോർപ്പിള്ളി ക്ഷീര സഹകരണ സംഘം | I |
| 19 | ആലങ്ങാട് മെഡിക്കൽ സെന്റർ | I,II |
| 20 | A.V Thomas & co. | I,II |
| 21 | Modus ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് കൊച്ചാൽ | I,II |
| 22 | കാവേരി ഓർഗാനിക് അഗ്രികൾച്ചറൽ ഇൻപുട്ട് ആലങ്ങാട് | I,II |
| 23 | ഉഷ ഇന്റർനാഷ്ണൽ Pvt.Ltd തിരുവാല്ലൂർ | I,II |

| | | |
|---|---|---|
| 24 | വിനായക cartons തിരുവാല്ലൂർ | I,II |
| 25 | ബജാജ് ഇലക്ട്രിക്കൽസ് കൊച്ചാൽ | I,II |
| 26 | Insta cart services കൊച്ചാൽ | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

ബി)താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ വിവരങ്ങൾ ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/വ്യക്തി | അർദ്ധ വർഷം |
|---|---|---|
| 1 | കൊങ്ങോർപ്പിള്ളി ക്ഷീര സഹകരണ സംഘം | I |
| 2 | തിരുവാല്ലൂർ ക്ഷീര സഹകരണ സംഘം | I,II |
| 3 | കൊട്ടുവഴങ്ങ ക്ഷീര സഹകരണ സംഘം | I,II |
| 4 | SCDO ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | I |
| 5 | ബജാജ് ഇലക്ട്രിക്കൽസ് കൊച്ചാൽ | I,II |
| 6 | അപരാജിത ഡൈനാമിക് synthesis Pvt.Ltd കോട്ടപ്പുറം | I |
| 7 | കാവേരി ഓർഗാനിക് അഗ്രികൾച്ചറൽ ഇൻപുട്ട് ആലങ്ങാട് | I,II |
| 8 | ഡ്യൂറോഫ്ലക്സ് Pvt.Ltd | I,II |
| 9 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | I,II |
| 10 | ഉഷ ഇന്റർ നാഷ്ണൽ Pvt.Ltd തിരുവാല്ലൂർ | I,II |
| 11 | Pantos logistics Pvt.Ltd | I,II |
| 12 | Loyd electricals and allid engineering Pvt.Ltd | I,II |
| 13 | Modus logistics Pvt.ltd കൊച്ചാൽ | I,II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

സി) താഴെ ചേർത്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് | രസീത് നമ്പർ /തീയതി |
|---|---|---|---|---|---|---|---|
| 1 | രാഹുൽ.ആർ പ്രൊബേഷൻ ഓഫീസർ, T.V.S &Sons ltd | 124713/- | I | 1000/- | 500/- | 500/- | 108100104606 /24.09.2018 |
| 2 | ജിതിൻ തങ്കച്ചൻ, അസിസ്റ്റന്റ് ഫിറ്റർ,T.V.S & Sons ltd | 84657/- | I | 750/- | 375/- | 375/- | |
| 3 | ആൽഫി.എം.ജെ, ട്രെയ്നി,T.VS & Sons ltd | 62012/- | I | 600/- | 300/- | 300/- | |
| ആകെ | | | | | | 1175/- | |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ കുറവ് വന്ന തുക 1175/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-2 വസ്തു നികുതി അപാകതകൾ

ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കെട്ടിട നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറുകളുടെ കെട്ടിട നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും 2018-19 സാമ്പത്തിക വർഷത്തിൽ തുക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട ആകെ വസ്തു നികുതി |
|---|---|---|---|
| 1 | 1/496 | M.S റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് AP ആർക്കേഡ് | 10140 |
| 2 | 2/19 | മാനേജർ,ബി.എസ്.എൻ.എൽ | 7508 |
| 3 | 6/127/c | M.S.ടെലിവെഞ്ചേർസ് ലിമിറ്റഡ്, ഭാരതി ടവേഴ്സ് | 3623 |

| | | | |
|---|---|---|---|
| 4 | 6/509 | വയർലെസ്സ് TT ഇൻഫോ സർവീസസ് | 8505 |
| 5 | 9/212/A | സബ് ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ മൊബൈൽ സർവീസസ് | 8138 |
| 6 | 15/543/A | വയർലെസ്സ് TT ഇൻഫോ സർവീസസ് | 5250 |
| 7 | 17/382 | കേരള സർക്കിൾ എസ്.എൽ പ്ലാസ | 5250 |
| 8 | 17/412/b | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 5250 |
| ആകെ | | | 53664 |

മേൽ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി ഇനത്തിൽ 53664/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

ബി) ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ 3.12.2011ലെ 3-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഫ്യുവൽ സ്റ്റേഷന് നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതി ച.മീറ്ററിന് 50 രൂപ നിരക്കിലാണ്. എന്നാൽ ടി.എച്ച്.സലിം, അയ്യിക്കാട്ട് പറമ്പ്, മാളികം പീടിക എന്ന വ്യക്തിയുടെ കെട്ടിട നമ്പർ 8/232 ൽ പ്രവർത്തിക്കുന്ന ഫ്യുവൽ സ്റ്റേഷന്റെ വസ്തു നികുതി 45 രൂപ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്.

| തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ നിരക്കിൽ വസ്തു നികുതി (അടിസ്ഥാന വസ്തുനികുതി-10%കാലപ്പഴക്കം ഇളവ്+20% വഴി സൗകര്യം വർദ്ധനവ്) | 45 രൂപ നിരക്കിൽ വസ്തു നികുതി(അടിസ്ഥാന വസ്തുനികുതി-10%കാലപ്പഴക്കം ഇളവ്+20% വഴി സൗകര്യം വർദ്ധനവ്) | കുറവ് |
|---|---|---|---|
| 51.11 | 2555.5-255.55+511.1 = **2811** | 2299.95-229.96+459.99 =**2530** | 281 |

മേൽ പട്ടിക പ്രകാരം കണക്കാക്കിയ നികുതി നഷ്ടം നാളിതു വരെ താഴെ ചേർക്കുന്നു.

| വർഷം | വസ്തു നികുതി |
|---|---|
| 2012-13 | 281 |
| 2013-14 | 281 |
| 2014-15 | 281 |
| 2015-16 | 281 |
| 2016-17 | 281 |
| 2017-18 | 281 |
| 2018-19 | 281 |
| ആകെ | 1967 |

1967/-രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി) പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വാണിജ്യ ആവശ്യത്തിനുപയോഗിക്കുന്ന താഴെ ചേർത്ത കെട്ടിടങ്ങളുടെ കെട്ടിട നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും, 2018-19 വർഷത്തിൽ തുക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട ആകെ വസ്തുനികുതി |
|---|---|---|---|
| 1 | XIII/567/F | അബ്ദുൾ ഖാദർ, ചൊള്ളാമ്പാട്ട്, ചിറയം | 3213 |
| 2 | VII/256/B | പ്രസിഡന്റ്, മുസ്ലീം ജമാത്ത് ചർച്ച്, ആലങ്ങാട് | 853 |
| ആകെ | | | 4066 |

മേൽ കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പാഴ്കുളം നവീകരണം (വാർഡ് 10)- എക്സ്ട്രാ ഐറ്റത്തിന് അധിക തുക നല്കിയത് - 7005/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രവ്യത്തിയുടെ പേര് | പാഴ്കുളം നവീകരണം |
| പ്രോജക്റ്റ് നമ്പർ | 279/19 |
| ആകെ ചെലവ് | 1194231 രൂപ |
| നിർവ്വഹണോദ്യോസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം ബുക്ക് നമ്പർ | 53/2018-19 |
| ബിൽ നമ്പർ | 82/18-19/28-03-2019 |
| കോൺട്രാക്ടർ | ശ്രീ സുനീഷ് .കെ |
| SOR | DSoR 2016 |

2018-19 സാമ്പത്തികവർഷത്തിൽ വാർഡ് 10 – ൽ പാഴ്കുളം നവീകരണം എന്ന പ്രവ്യത്തി നടപ്പാക്കിയിട്ടുണ്ട്. കരാർ ചമച്ചതിന് ശേഷം സാങ്കേതികകാരണങ്ങളാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മേൽ പ്രവ്യത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ പുതിയ ഇനമായി (എക്സ്ട്രാ ഐറ്റം) R.R. masonry with hard stone in cement mortar 1:6 എന്ന ഇനത്തിന്റെ പ്രവ്യത്തി നടത്തിയിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ ആയാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. DAR item 7.1.1. ൽ ചില ഇനങ്ങൾ കുറവ് ചെയ്താണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നത്. എം.ക്യൂബിന് 5237.52 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. റിവൈസ് ചെയ്ത തിയതിയിൽ ബാധകമായ കോസ്റ്റ് ഇൻഡെക്സ് 46.08% ആണ്. എന്നാൽ നല്കിയിട്ടുള്ളത് 49.02% ആണ്. കൂടാതെ ഈ നിരക്കിൽ നിന്ന് ടെണ്ടർ ബിലോ ആയ 4.37% കുറവ് ചെയ്യേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല. മാത്രവുമല്ല എക്സ്ട്രാ ഐറ്റത്തിന്റെ ഭാഗമായ stone for masonry work എന്ന ഇനത്തിന് (code no. 1157) എം.ക്യൂബിന് 940 രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. 2016 SoR നിരക്ക് പ്രകാരം എം.ക്യൂബിന് 865 രൂപ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ആ ഇനത്തിൽ അധികമായി 75 രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവ്യത്തിയിൽ ഒട്ടാകെ 7005.80 രൂപ അധികം നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി(നം. 19/18-19) നല്കിയിട്ടുണ്ട്. അധികമായി നല്കിയ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അധികതുകയായ 7005.80 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി നല്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

od153217/2017-18 R R Masonry

| നൽകാവുന്നത് | നല്കിയത് | അധികം നല്കിയത് |
|---|---|---|
| 7.1.1ആകെ 2950.805<br>add water ch<br>@1% 29.50<br>total 2980.31<br>add CPOH @<br>15% 447.04<br>3427.35<br>add cost index<br>@46.08% 1579.32<br>5006.67<br>rounded to 5007<br>deduct<br>tender below 218.80<br>(4.37%)<br>net for<br>1 cum 4788.20 | 3025.805<br>30.25<br>3056.055<br>458.42<br>3514.475<br>1722.788<br>5237.263<br>5237.263<br>---------------<br>5237.263 | 5237.52 X 15.592= 81663.41 -<br>(ബില്ല് പ്രകാരം നൽകിയത്)<br>4788.20 X 15.592= 74657.61<br>(അർഹമായത്)<br>-------------------------------------------------------<br>7005.80 രൂപ |

അധികം നൽകിയ തുക 7005/- രൂപ ബന്ധപ്പെട്ട കരാറുകരാനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | 2018-19-ൽലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 10,00,000 | ലൈഫ് മിഷൻ പദ്ധതി | 10,00,000 | 0 |
| | 3,54,438 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,54,438 | 0 |
| ആകെ | **13,54,438** | | **13,54,438** | |
| ബ്ലോക്ക് പഞ്ചായത്ത് | 100,000 | പച്ചക്കറി കൃഷി വികസന പദ്ധതി | 99,984 | 16 |
| ബ്ലോക്ക് പഞ്ചായത്ത് | 12,00,000 | ലൈഫ് മിഷൻ പദ്ധതി (പൊതുവിഭാഗം) | 12,00,000 | 0 |
| | 217,750 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 217,750 | 0 |
| | 3,00,000 | സാന്ത്വന പരിചരണ പരിപാടി | 3,00,000 | 0 |
| | 68168 | അംഗൻവാടി അനുപൂരക പോഷകാഹാരം | 68168 | 0 |
| | 76,500 | നെൽകൃഷി വികസനം | 76,500 | |
| ആകെ | **1962418** | | **1962402** | **16** |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ സ്ഥാപനം | 18-19-ൽ നിക്ഷേപിച്ചത് | ചെലവാക്കിയത് | 31.03.2019 -ൽ ബാക്കിനിൽക്കുന്ന തുക |
|---|---|---|---|---|
| വൈദ്യുത ലൈൻ എക്സ്റ്റെൻഷൻ | KSEB | 7,43,157 | 0 | 7,43,157 |
| കുടിവെള്ളപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 11,57,000 | 0 | 11,57,000 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല**

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -KURDFC | | 4340420 | - | | | 4340420 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2011-12 | 2(1) | 2500 | പി.എ.ഹസ്സൻ | 118100106144/ 12.12.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

**ഇല്ല**

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,23,77,867 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,49,84,767 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,142 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,27,932 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1സി | 1175 | | ശ്രീമതി സിന്ധുമോൾ.വി.എസ് സെക്രട്ടറി |
| 2-2 (ബി) | 1967 | | .. .. |
| 3-1 | - | 7005 | ശ്രീമതി റീന ഒ.ടി അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | 3142 | 7005 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 68501 | ഡോ.രേണുക പി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആലങ്ങാട് |
| 1-21 | 2359431 | ശ്രീമതി സിന്ധുമോൾ.വി.എസ്. സെക്രട്ടറി |
| **ആകെ** | 2427932 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീന ഒ.ടി അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ ആലങ്ങാട് ഗ്രാമപഞ്ചായത്ത് | തട്ടകത്ത് വീട് കൃഷ്ണന്കോട്ട പി.ഒ. കൃഷ്ണൻകോട്ട, തൃശൂർ ജില്ല |
| ഡോ. രേണുക പി. മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലങ്ങാട് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലങ്ങാട് | ശ്രീ വിഹാർ പോണേവഴി AIMS P.O., കൊച്ചി – 41 |
| | | |

| | | |
|---|---|---|
| ശ്രീമതി സിസ്മോൾ.വി.എസ് സെക്രട്ടറി | സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത് | തെക്കേ വാലത്ത് വീട് സൗത്ത്ചിറ്റൂർ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി 07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി 08/07/2000 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി 29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി 29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി 30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി 18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി 05/02/2015 |
| 2013-14<br>2014-15 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി13)1654/2017 തീയതി 26.10.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (പി13)154/2019 തീയതി 11.03.2019 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.13)1579/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
ഫോൺ-0484 2422271
doekm.ksad@kerala.gov.in
തീയതി – 15/11/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) [2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ **ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**

**അപാകതകളുടെ സംഗ്രഹം**

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. Life Benficiary First Installment Refund തുക ഗവൺമെന്റിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനു പകരം Deposit received from others (A/c head 340800101) എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. (Rs. 40000)

4. NSCB ബഡ്സ് സ്കൂൾ, NSCB തനത് ഫണ്ട് എന്നീ ബാങ്ക് അക്കൗണ്ടുകളിലെ കാലാവധി കഴിച്ച ചെക്കുകൾ Liability towards stale cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

5. TSB a/c സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 18460519/- രൂപയാണ്. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ബാലൻസ് 18492993/- എന്ന് രേഖപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്.

6. സ്ഥാപന തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

7. റസിഡൻഷ്യൽ വസ്തു നികുതിയിൽ 239291/- രൂപയും നോൺ റസിഡൻഷ്യൽ വസ്തുനികുതിയിനത്തിൽ 134334/- രൂപയും prior period Item എന്ന ഹെഡിൽ write off ചെയ്തിട്ടുണ്ട്. എഴുതി തള്ളിയ തുക ഏത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് സാക്ഷ്യപ്പെടുത്തുകയോ, കൗൺസിൽ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

No. KSA-EKM (P13) 1579/2019

Kerala State Audit Department,
District Audit Office Ernakulam,
Civil Station, Kakkanad- 682030
Phone No. 0484-2422271
E-mail: lfadekm@gmail.com
**Date. 15.11.2019**

## *ANNEXURE I*

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Alangad Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Alangad Grama Panchayat** for the year 2018-19 except the defects pointed out in the report, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

**Abstract of defects**

1.With respect to property tax, the annual financial statements figures do not match with Sanchaya DCB statements.

2. Assets including lands are not completely recorded in the asset register and which are not reconciled with annual financial statements.

3. LIFE Beneficiary First Instalment Refund amount of Rs. 40000/- is included in the head “Advance received from others” as liability instead of returning the amount to state Government.

4. The stale cheques of NSCB buds school bank account’s and NSCB own fund bank accounts are not transferred to the account head, “ Liability in Respect of Stale cheque.”

5. As per TSB A/c statement, the balance is Rs 18460519/-. The reconciliation statement of this bank account is prepared stating that the balance as per bank statement is 18492993/-.

6. The Demand Register of Institution profession tax & License have not prepared. Hence the accuracy of the Demand and Collection of the same could not be ascertained.

7. In the Income and Expenditure Account under the head Prior period items, Rs.239291/- and Rs.134334/- respectively have been written off from residential Property tax and non residential Property tax. But the authority for writing off is not furnished.

.

**DEPUTY DIRECTOR**

.